**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027** **12-06-2024 - ൽ മറുപടിയ്ക്ക്**

**നദികളുടെയും കനാലുകളുടേയും ശുദ്ധികരണം-കുട്ടനാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളും കനാലുകളും ശുദ്ധീകരിക്കുന്നതിനായുള്ള കേന്ദ്ര സർക്കാർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (എ) | രാജ്യത്തെ പ്രധാന ജലസ്രോതസ്സുകളായ നദികളുടെ പരിപാലനത്തിനായി രൂപീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നദി പരിപാലന പ്ലാൻ (National River Conservation Plan-NRCP) നദികളിലെ മലിനീകരണം നിയന്ത്രിക്കുവാനുള്ള വിവിധോദ്ദേശ്യ പ്രവർത്തികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്യാവുന്നതാണ്.<br><br>2003 കാലഘട്ടത്തിൽ പമ്പാ നദിയുടെ ശുചീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള പമ്പാ ആക്ഷൻ പ്ലാൻ ഈ പദ്ധതിയിൽ ശുപാർശ ചെയ്യപ്പെട്ടതാണ്. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം നദികളും കനാലുകളുമാണ് പ്രസ്തുത പദ്ധതി പ്രകാരം ശുദ്ധീകരിക്കുന്നതിനായി ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | രാജ്യത്തെ പ്രധാന ജലസ്രോതസ്സുകളായ നദികളുടെ പരിപാലനത്തിനായി രൂപീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നദി പരിപാലന പ്ലാൻ (National River Conservation Plan-NRCP) നദികളിലെ മലിനീകരണം നിയന്ത്രിക്കുവാനുള്ള വിവിധോദ്ദേശ്യ പ്രവർത്തികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്യാവുന്നതാണ്.<br><br>2003 കാലഘട്ടത്തിൽ പമ്പാ നദിയുടെ ശുചീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള പമ്പാ ആക്ഷൻ പ്ലാൻ ഈ പദ്ധതിയിൽ ശുപാർശ ചെയ്യപ്പെട്ടതാണ്. |
| (സി) | കുട്ടനാട്, അപ്പർ കുട്ടനാട് ഭാഗങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഈ ഭാഗത്തുകൂടി ഒഴുകിയെത്തുന്ന നദികളിൽ അടിഞ്ഞ് കൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളായ പുറംബണ്ട് നിർമ്മാണം, ബലപ്പെടുത്തൽ, പാടശേഖരങ്ങളുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും എക്കലും ചെളിയും നീക്കം ചെയ്യൽ എന്നിവ വഴി വെള്ളക്കെട്ട് ഒരുപരിധിവരെ ഒഴിവാക്കുന്നതിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ